പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4101

25/6/2018 ൽ മറുപടിക്ക്

**വളർത്തു മൃഗങ്ങൾ മുഖേന അണുബാധകൾ പടരുന്നതായുള്ള പ്രചരണം**

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല :

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | നിപ വൈറസ് പോലുള്ള അണുബാധകൾ വളർത്തു മൃഗങ്ങൾ മുഖേന പടരുന്നതായി പ്രചരിപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. കോഴിക്കോട് ജില്ലയിലെ നിപ വൈറസ് ബാധയുണ്ടായ പ്രദേശങ്ങളിലെ വവ്വാൽ, വളർത്തു മൃഗങ്ങളായ പശു, ആട്, പന്നി, മുയൽ എന്നിവയിൽ നിന്ന് സാമ്പിളുകളിൽ ശേഖരിച്ച് ഭോപ്പാലിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലാബോറട്ടറിയിൽ അയയ്ക്കുകയുണ്ടായി. ആയതിന്റെ പരിശോധന ഫലം പ്രകാരം എല്ലാ സാമ്പിളുകളിലും നിപാ വൈറസ് നെഗറ്റീവാണ്. |
| ബി) | വളർത്തു മൃഗങ്ങൾ മുഖേന മനുഷ്യരിലേക്ക് പകരുന്ന അണുബാധകൾ സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങളെന്തെങ്കിലും മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായോ? | ബി) | മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരാവുന്ന രോഗങ്ങളായ ക്ഷയം ബ്രൂസെല്ലോസിസ്, പേവിഷബാധ, എലിപ്പനി തുടങ്ങിയ രോഗങ്ങളുടെ മൃഗങ്ങളിലെ സാന്നിധ്യം സ്ഥിരമായി നിരീക്ഷിക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് പാലോട്, പ്രാദേശിക രോഗ നിർണ്ണയ ലാബുകൾ എന്നിവിടങ്ങളിലെ സൗകര്യം ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുന്നു. മൃഗങ്ങളിലെ രോഗസാന്നിധ്യം സംബന്ധിച്ച് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ടിൽ നിന്ന് പഠന റിപ്പോർട്ടും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| സി) | എങ്കിൽ ഏതെല്ലാം രോഗങ്ങൾ ഏതൊക്കെ വളർത്തുമൃഗങ്ങൾ മുഖേന പകരുന്നുവെന്ന് വ്യക്തമാക്കുമോ; | സി) | **പ്രധാനപ്പെട്ട രോഗങ്ങൾ**<br>പശു - ആന്ത്രാക്സ്, ബ്രൂസെല്ല രോഗം, ക്ഷയരോഗം, എലിപ്പനി<br>പന്നി - അന്ത്രാക്സ്, ബ്രൂസെല്ല രോഗം, പരാദരോഗം<br>ആട് - അന്ത്രാക്സ്, ബ്രൂസെല്ല രോഗം,<br>പട്ടി - റാബീസ്, എലിപ്പനി |
| ഡി) | ഉപജീവനത്തിനായും അല്ലാതെയും വളർത്തുമൃഗങ്ങളെ പരിപാലിക്കുന്നവർക്കിടയിലുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ മുഖേന രോഗചികിത്സാ പ്രതിരോധ കുത്തിവെയ്പ്, ബോധവത്ക്കരണം എന്നിവ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ